**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4050** **16.12.2014-ൽ മറുപടിയ്ക്ക്**

# ചെറായി 110 KV സബ്സ്റ്റേഷൻ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
|---|---|
| (എ) ചെറായി 110 കെ. വി. സബ് സ്റ്റേഷന് ഭരണാനുമതി നൽകിയത് ഏത് വർഷമാണെന്നും എത്ര രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരുന്നതെന്നും വ്യക്തമാക്കാമോ ; | (എ) 1999 ലാണ് ഭരണാനുമതി നൽകിയത്. എസ്റ്റിമേറ്റ് തുക 7.80 കോടി രൂപ. |
| (ബി) പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ഇനിയും എത്ര തുക കൂടി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) 15 കോടി രൂപ. |
| (സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ; കമ്മീഷനിംഗ് അനിശ്ചിതമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) പ്രസ്തുത ലൈൻ റൂട്ടിൽ ലൈൻ നിർമ്മിക്കുന്നതിനെതിരെ പൊതുജനങ്ങൾ സമർപ്പിച്ച 20 കേസുകളിൽ 3 എണ്ണം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ മൂന്നു കേസുകളും സംബന്ധിച്ച് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനോട് പരിശോധിച്ച് ആവശ്യമെങ്കിൽ അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിക്കുവാനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ A.D.M നിയോഗിച്ച Advocate Commission 17-11-2014-ൽ റൂട്ട് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) നടപടികൾ വേഗത്തിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ഡി) മേൽപറഞ്ഞ കേസുകൾ വേഗത്തിൽ തീർപ്പ കൽപ്പിക്കുന്നതിനാവശ്യമായ രേഖകളും വിവരങ്ങളും യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്. |

(ഇ) ഇക്കാര്യം സംബന്ധിച്ച് ഉന്നത തലയോഗം വിളിക്കണമെന്ന് ആവശ്യപ്പെട്ട് വൈപ്പിൻ എം. എൽ. എ നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ?

(ഇ) ബഹുമാനപ്പെട്ട എം.എൽ.എ യുടെ കത്തിൽ പ്രസ്തുത ലൈൻ റൂട്ടിൽ കേസുകൾ നിലനിൽക്കുന്നതിനാൽ ഭൂഗർഭ കേബിൾ വലിച്ച് ചെറായി സബ് സ്റ്റേഷനിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതായിരിക്കും അഭികാമ്യമെന്ന നിർദ്ദേശം വിശദമായി പരിശോധിച്ചുവെങ്കിലും, ലൈൻ നിർമ്മാണത്തെ അപേക്ഷിച്ച് കേബിൾ ഇടുന്നതിന് വളരെ ഭീമമായ തുക ചെലവിടേണ്ടി വരുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**